

മത്സ്യം

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്,
കെവികെ, കൊച്ചി. ഇ മെയിൽ:
kvkernakulam@yahoo.co.in

# പൂമീൻകൃഷി എങ്ങനെ

*? പൂമീൻ എവിടെയാണ് കൃഷി ചെയ്യാൻ കഴിയുക. കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നത് എങ്ങനെ, എപ്പോൾ. കുഞ്ഞുങ്ങളെ എവിടെ കിട്ടും. കൃഷിരീതി എങ്ങനെ. ശുദ്ധജലത്തിലും ടാങ്കുകളിലും വളർത്താമോ. കുഞ്ഞുങ്ങളെ എങ്ങനെ പരിപാലിക്കണം. വേറെ മീനുകളോടൊപ്പം വളർത്താമോ. എത്ര വലുപ്പം വയ്ക്കും.*

**വി. നിസ്സാർ,** പള്ളിപ്പുറം, എറണാകുളം.



● ഓരുജലാശയങ്ങളാണ് പൂമീൻ കൃഷിക്കു നല്ലത്. ഇവ കടലിലാണ് മുട്ടയിട്ട് കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നത്. ഈ കുഞ്ഞുങ്ങൾ തീരത്തോട് അടുത്തുവരുന്നത് ഏപ്രിൽ -മേയ് മാസങ്ങളിലാണ്. ചെറിയ കണ്ണിവലുപ്പമുള്ള വലകൾ ഉപയോഗിച്ച് പിടിക്കുന്ന കുഞ്ഞുങ്ങളെയാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. കേരളത്തിലേക്ക് പൂമീൻകുഞ്ഞുങ്ങൾ വരുന്നത് തമിഴ്നാട്ടിലെ രാമേശ്വരം, മണ്ഡപം തുടങ്ങിയ ഇടങ്ങളിൽനിന്നാണ്. 5 പിപിറ്റി (ppt)എങ്കിലും ഉപ്പുരസമുള്ള, ഓരുജലാശയങ്ങളായ ചെമ്മീൻകെട്ടുകൾ, കായൽവെള്ളം കയറിയിറങ്ങുന്ന കുളങ്ങൾ, കെട്ടുകൾ എന്നിവയാണ് പൂമീൻകൃഷിക്കു നന്ന്. ശുദ്ധജലാശയങ്ങളിൽ വളരുമെങ്കിലും ടാങ്കുകളിലും മറ്റും വ്യാവസായികാടിസ്ഥാനത്തിൽ വളർത്താൻ യോജ്യമല്ല. ഒരു സെൻറിമീറ്റർ വലുപ്പമുള്ള കുഞ്ഞുങ്ങളെയാണ് സാധാരണ ലഭിക്കുക. അതിനാൽ8സെൻറിമീറ്റർ വലുപ്പം വയ്ക്കുന്നതുവരെ ഇവയെ പ്രത്യേകം പരിപാലിക്കണം. ചെറിയ കണ്ണിവലുപ്പമുള്ള ഹാപ്പാ നെറ്റുകൾ ആണ് കുഞ്ഞുങ്ങളെ പരിപാലിക്കാൻ നന്ന്.

4അടി നീളവും വീതിയും ഉയരവുമുള്ള ഒരു ഹാപ്പാ നെറ്റിൽ 400 കുഞ്ഞുങ്ങളെ വരെ ഇട്ട് പരിപാലിക്കാം. ചെറിയ പൊടിരൂപ(500 മൈക്രോൺ)ത്തിലുള്ള തിരിത്തീറ്റ ദിവസം 5 നേരം എന്ന കണക്കിൽ നൽകണം. ഒരു മാസത്തെ പരിപാലനംകൊണ്ട് വിരൽ വലുപ്പമാകും. ഈ വലുപ്പത്തിലുള്ള കുഞ്ഞുങ്ങളെ തുറന്നുവിട്ടു വളർത്താം. ഇവയ്ക്ക് രണ്ടു നേരമായി തിരിത്തീറ്റ നൽകണം. ഒരു സെന്റിൽ 80 കുഞ്ഞുങ്ങളെവരെ ഇടാം. ഇവയുടെ കൂടെ കരിമീൻ, തിരുത എന്നിവയെയും ഇടാം. ഇങ്ങനെ ഇടുമ്പോൾ ഒരു സെന്റിൽ 20 പൂമീൻ, 20 തിരുത, 20 കരിമീൻ എന്ന കണക്കിൽ ഇടാം. ഇവയ്ക്കു തിരിത്തീറ്റ നൽകണം. 8 മാസത്തെ പരിപാലനംകൊണ്ട് ശരാശരി 800 ഗ്രാം വലുപ്പം വയ്ക്കും. സസ്യാഹാരിയായ പൂമീൻകുളത്തിൽ വളരുന്ന പ്ലവകങ്ങളും ആൽഗകളും കഴിക്കുന്ന മത്സ്യമായതിനാൽ കരിമീൻകൃഷിയും തിരുതക്കൃഷിയും നടത്തുന്നവർ പൂമീൻ കൂടി കൃഷി ചെയ്യുന്നത് ജലത്തിന്റെ ഗുണനിലവാരം കൂട്ടുന്നതിന് സഹായിക്കും.